**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6174** **09-07-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ നിലവിൽ 102 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയ സംഘങ്ങൾ എത്രയെണ്ണമുണ്ടെന്നും, ഏതെല്ലാമെന്നും, ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നുവെന്നും, അവയുടെ ആസ്തി-ബാധ്യതകൾ എത്രയെന്നും വിശദമാക്കാമോ; | (ബി) | കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ച പോയ 11 സഹകരണ സംഘങ്ങളാണ് നിലവിലുള്ളത്. അവയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രവർത്തനം നിലച്ചുപോയ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനോ മറ്റ് സംഘങ്ങൾ മുഖാന്തിരം ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ? | (സി) | പ്രവർത്തനം നിലച്ച പോയ സഹകരണ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും അതിനു സാധിക്കാത്തവയെ ലിക്വിഡേറ്റ് ചെയ്യുന്നതിനും പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇ 700 - നമ്പർ എസ്.എസ്.വി. കോളേജ് ക്രെഡിറ്റ് സി.എസ്. ക്ലിപ്തം, ഇ 778 - നമ്പർ കുന്നത്തുനാട് താലൂക്ക് ഡക്ക് ഫാർമേഴ്സ് സി.എസ്. ക്ലിപ്തം എന്നീ സംഘങ്ങളെ സമാപ്തീകരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. വടവുകോട് ലേബർ കോൺട്രാക്ട് സി.എസ്. ക്ലിപ്തം നമ്പർ ഇ 999 നിലവിൽ ലിക്വിഡേഷൻ നടപടികളിലാണെങ്കിലും സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളതും ആയത് എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) -ന്റെ പരിഗണനയിലുമാണ്. വടവുകോട് പുത്തൻകുരിശ് പട്ടികജാതി സി.എസ്. ക്ലിപ്തം നമ്പർ ഇ.847 ൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ട്. അതിന്റെ പുനരുദ്ധാരണ സാദ്ധ്യതകൾ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | സംഘത്തിന്റെ പേര് | ആസ്തി | ബാധ്യത |
|---|---|---|---|
| **സ്കൂൾ കോളേജ് സഹകരണ സംഘം** | | | |
| 1 | എസ്.എസ്.വി. കോളേജ് ക്രെഡിറ്റ് സി. എസ്. ക്ലിപ്തം നമ്പർ ഇ 700 | ഇല്ല | ഓഡിറ്റ് പൂർത്തീകരിക്കാത്തതിനാൽ ബാധ്യത തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |
| 2 | ബ്രഹ്മപുരം യു.പി.എസ്.സി. എസ്. ക്ലിപ്തം നമ്പർ ഇ 538 | ഇല്ല | 8881.36 രൂപ |
| 3 | ഫാക്ട് അമ്പലമേട് എച്ച്. എസ്.സി.എസ്. ക്ലിപ്തം നമ്പർ ഇ 465 | ഇല്ല | ഓഡിറ്റ് പൂർത്തീകരിക്കാത്തതിനാൽ ബാധ്യത തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |
| **പൗൾട്രി സഹകരണ സംഘം** | | | |
| 4 | കുന്നത്തുനാട് താലൂക്ക് ഡക്ക് ഫാർമേഴ്സ് സി.എസ്. ക്ലിപ്തം നമ്പർ ഇ 778 | ഇല്ല | 1,05,252.46 രൂപ |
| **ലേബർ കോൺട്രാക്ട് സഹകരണ സംഘം** | | | |
| 5 | വടവുകോട് ലേബർ കോൺട്രാക്ട് സി.എസ്. ക്ലിപ്തം നമ്പർ ഇ 999 | ഇല്ല | 7246 രൂപ |
| 6 | കോലഞ്ചേരി ടെക്കോ ലേബർ കോൺട്രാക്ട് സി.എസ്. ക്ലിപ്തം നമ്പർ ഇ 1189 | ഇല്ല | ഓഡിറ്റ് പൂർത്തീകരിക്കാത്തതിനാൽ ബാധ്യത തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |
| **എസ്.സി./എസ്.റ്റി സഹകരണ സംഘം** | | | |
| 7 | വാഴക്കുളം പട്ടികജാതി സി. എസ്. ക്ലിപ്തം നമ്പർ ഇ 803 | ഇല്ല | ഓഡിറ്റ് പൂർത്തീകരിക്കാത്തതിനാൽ ബാധ്യത തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |
| 8 | വടവുകോട് പുത്തൻകുരിശ് പട്ടികജാതി സി.എസ്. ക്ലിപ്തം നമ്പർ ഇ 847 | ഇല്ല | ഓഡിറ്റ് പൂർത്തീകരിക്കാത്തതിനാൽ ബാധ്യത തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| **ചെത്ത് തൊഴിലാളി സഹകരണ സംഘം** | | | |
| 9 | മാമല റേഞ്ച് കള്ളുചെത്ത് വ്യവസായ സി.എസ്. ക്ലിപ്തം നമ്പർ ഇ 1050 | ഇല്ല | ഓഡിറ്റ് പൂർത്തീകരിക്കാത്തതിനാൽ ബാധ്യത തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |
| **എഡ്യൂക്കേഷണൽ സഹകരണ സംഘം** | | | |
| 10 | കുന്നത്തുനാട് താലൂക്ക് എഡ്യൂക്കേഷണൽ സി.എസ്. ക്ലിപ്തം നമ്പർ ഇ 826 | സംഘത്തിന് 22 സെന്റ് സ്ഥലവും രണ്ട് നിലകളിലായി 5000 സ്ക്വയർ ഫീറ്റ് കെട്ടിടവുമുണ്ട്. | 3,84,147.26 രൂപ |
| **ടെയ്‌ലറിംഗ് സഹകരണ സംഘം** | | | |
| 11 | കുന്നത്തുനാട് താലൂക്ക് ടെയ്‌ലേഴ്സ് സി.എസ്. ക്ലിപ്തം നമ്പർ ഇ 843. | ഇല്ല | ഓഡിറ്റ് പൂർത്തീകരിക്കാത്തതിനാൽ ബാധ്യത തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |

**സെക്ഷൻ ഓഫീസർ**